പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1421 13.07.2016 - ൽ മറുപടിയ്ക്ക്

**അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

| **ചോദ്യം**<br>ശ്രീ .കെ.സുരേഷ് കുറുപ്പ് :<br>ശ്രീ.കാരാട്ട് റസാഖ് :<br>ശ്രീ.എം.മുകേഷ് :<br>ശ്രീ.കെ ആൻസലൻ : | **മറുപടി**<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
|---|---|
| (എ)അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ)കേരള സംസ്ഥാന സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) 'മൃതസഞ്ജീവനി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ സംസ്ഥാനതല ആഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചു വരുന്നു. രോഗികളെ രജിസ്റ്റർ ചെയ്യാനായി www.knos.org.in എന്ന പേരിൽ ഒരു വെബ്സൈറ്റും ആരംഭിച്ചു. മരണാനന്തര അവയവ ദാനത്തിന് താല്പര്യം ഉള്ളവർ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ബി) അവയവദാനം നടത്തിയ വ്യക്തിയുടെ കുടുംബത്തെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) World Health Organization (WHO)ന്റെ cells, tissue & organ transplantation മാർഗനിർദ്ദേശ (5) പ്രകാരം cells, tissues, അവയവങ്ങൾ എന്നിവ ദാനം ചെയ്യുന്നത് യാതൊരു പ്രതിഫലേച്ഛയും കൂടാതെ ആയിരിക്കണം. ജീവിച്ചിരിക്കുന്ന വ്യക്തിയോ, മരണാനന്തര അവയവദാനം ചെയ്യുന്ന വ്യക്തിയുടെ ബന്ധുക്കളോ അവയവങ്ങളോ കോശങ്ങളോ ട്രാൻസ് പ്ലാന്റിനായി വിൽക്കുവാനോ വാങ്ങുവാനോ വാങ്ങാൻ പ്രേരിപ്പിക്കുന്നതോ ചെയ്യുന്നത് നിരോധിച്ചിരിക്കുകയാണ്. |
| (സി)അവയവദാനത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് അറിയിക്കുമോ? | (സി)അവയവദാനത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) 'മൃതസഞ്ജീവനി'യുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ ഉടനീളം അവയവദാന ബോധവത്കരണ സെമിനാറുകളും ശില്പശാലകളും നടത്തി വരുന്നു. കൂടാതെ മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫിന് ട്രെയിനിംഗ് പരിപാടികളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ